Ph. 0471 -2317480

# KERALA STATE BHARAT SCOUTS & GUIDES

State Headquarters, Vikas Bhavan P.O., Thiruvananthapuram-695 033
Website:www.ksbsg.in Email:shq@ksbsg.in

| *Patron* | *President* | *State Chief Commissioner* | *State Secretary* |
|---|---|---|---|
| **JUSTICE P. SATHASIVAM** | **Prof. C. RAVEENDRANATH** | **K .V .MOHANKUMAR, IAS,** | **SAJITH .A .K** |
| Hon'ble Governor of Kerala | Hon'ble Minister for Education | Director of Public Instructions | Phone : 9847306748 |

*No.* **G-2484/2018/KSBS&G** *Date* . . . . 12-09-2018

## ജോട്ട – ജോട്ടി 2018

സ്വീകർത്താവ്

**ജില്ലാ സെക്രട്ടറി**

കേരള സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ്

.......................................................................................

സർ,

**വിഷയം : കെ.എസ്.ബി.എസ്.ജി – ജോട്ടാ–ജോട്ടി 2018 സംഘടിപ്പിക്കുന്നത് സംബന്ധിച്ച്**

ഈ വർഷത്തെ 61–ാമത് ജാംബൂരി ഓൺ ദ എയർ (ജോട്ടാ), 22–ാമത് ജാംബൂരി ഓൺ ദ ഇന്റർനെറ്റ് (ജോട്ടി) 2018 ഒക്ടോബർ 19, 20, 21 തീയതികളിലായി നടക്കുന്നു. ഇതിനായി സംസ്ഥാനതലത്തിൽ വിപുലമായ ഒരുക്കങ്ങൾ നടത്തുന്നുണ്ട്. ജോട്ടക്കായി ഹാം റേഡിയോ സ്റ്റേഷനുകൾ സൗകര്യപ്രദമായിടത്ത് ഒരുക്കേണ്ടതുണ്ട്. ജോട്ടിയ്ക്ക് വ്യക്തികൾക്കും വിദ്യാലയങ്ങൾക്കും രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കാം. സംസ്ഥാന അസോസിയേഷൻ കോ–ഓർഡിനേറ്റ് ചെയ്യുന്ന സെന്ററുകളിലെത്തുന്നവർക്ക് സർട്ടിഫിക്കറ്റ് അസോസിയേഷൻ വഴി വിതരണം ചെയ്യും.

ജോട്ട നടത്തിപ്പിനായി എ.എസ്.ഒ.സി ശ്രീ. പി. പ്രശാന്ത് (9846265033) നെ സ്റ്റേറ്റ് കോ–ഓർഡിനേറ്ററായും, ശ്രീ. ഡേവിഡ് ജോസഫ്, ശ്രീ. സുധീഷ്, ശ്രീ. നൂറുൽ അമീൻ (എ.എസ്.ഒ.സി മാർ), ശ്രീ. രാഹുൽനാരായണൻ (സൈറ്റഡ് ടീം മാനേജർ) ജോയിന്റ് കോ–ഓർഡിനേറ്റർമാരായും സംസ്ഥാനതലത്തിൽ പ്രവർത്തിക്കും. ജോട്ടാ–ജോട്ടി 2018 സെന്ററുകൾ നടത്താൻ താൽപര്യമുള്ള അസോസിയേഷനുകൾ കോ–ഓർഡിനേറ്റർക്ക് സെപ്തംബർ 25 നകം രേഖാമൂലം വിവരം കൈമാറേണ്ടതാണ്. (കോപ്പി സ്റ്റേറ്റ് ഹെഡ് ക്വാർട്ടേഴ്സിനും അയക്കണം).

ജോട്ടാ–ജോട്ടിയുമായി ബന്ധപ്പെട്ട് കുട്ടികളിൽ നിന്നോ മറ്റ് യാതൊരുവിധത്തിലുള്ള തുകയും ഈടാക്കുവാൻ പാടുള്ളതല്ല എന്ന് അറിയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദേശങ്ങൾ കാണുക.

വിശ്വസ്തതയോടെ,

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033

12/9/18

സ്റ്റേറ്റ് സെക്രട്ടറി

Ph. 0471 -2317480

# KERALA STATE BHARAT SCOUTS & GUIDES

State Headquarters, Vikas Bhavan P.O., Thiruvananthapuram-695 033
Website:www.ksbsg.in Email:shq@ksbsg.in

| Patron | President | State Chief Commissioner | State Secretary |
|---|---|---|---|
| JUSTICE P. SATHASIVAM | Prof. C. RAVEENDRANATH | K .V .MOHANKUMAR, IAS, | SAJITH .A .K |
| Hon'ble Governor of Kerala | Hon'ble Minister for Education | Director of Public Instructions | Phone : 9847306748 |

No. G-2484/2018/KSBS&G Date . . . . 12-09-2018

## ജോട്ടാ – ജോട്ടി 2018

## ജില്ലകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. എല്ലാ ജില്ലാ അസോസിയേഷനുകളും പരമാവധി ജോട്ടസ്റ്റേഷനുകളും ജോട്ടിസെന്ററുകളും അറേഞ്ചു ചെയ്യേണ്ടതാണ് (ഒരു ലോക്കൽ അസോസിയേഷന് ഒന്നുവീതമെങ്കിലും).
2. ജില്ലകൾ തങ്ങളുടെ സമീപത്തുള്ള ഹാം റേഡിയോ ഓപ്പറേറ്റർമാരെ കണ്ടെത്തുകയും അവരുടെ സമ്മതവും താൽപര്യവും ചോദിച്ചറിഞ്ഞ് സംസ്ഥാന കോ–ഓർഡിനേറ്റർ ശ്രീ. പി. പ്രശാന്ത് (9846265033) നെ വിവരമറിയിക്കേണ്ടതാണ്. ജില്ലക്കകത്ത് ഹാം റേഡിയോ ഓപ്പറേറ്റർലഭ്യമല്ലാ എങ്കിൽ അക്കാര്യവും അറിയിക്കണം.
3. ജോട്ട – ജോട്ടി സെന്ററിനായി ഉചിതമായ ഒരു സ്ഥലം (വിദ്യാലയം) കണ്ടെത്തണം. ഉയർന്ന സ്ഥലമാകണം. അവിടെ മൈക്ക് സെറ്റ്, കമ്പ്യൂട്ടർ, ഇന്റർനെറ്റ് കണക്ഷൻ, വൈദ്യുതി, ആവശ്യ ത്തിനുള്ള ക്ലാസ്മുറികൾ (5+1) ഉണ്ടാവണം. വൈദ്യുതി തടസ്സപെടാതെ നോക്കണം.
4. ജോട്ടസ്റ്റേഷൻ അറേഞ്ചുമെന്റിനായി ആന്റിന ഉയർത്താൻ സൗകര്യം വേണം (ഓപ്പൺ ടെസ്റ്റ്). ഇവിടെ ആന്റിനയുടെ പോൾ ഉയർത്താനും സ്റ്റേഷൻ പ്രവർത്തിപ്പിക്കുവാനുമുള്ള എല്ലാ സൗക ര്യങ്ങളും വളണ്ടിയർ സേവനവും ഹാംറേഡിയോ ഓപ്പറേറ്റർക്കു ജില്ല നൽകണം.
5. ജോട്ട നടത്തുന്നതിന് കേന്ദ്രസർക്കാരിന്റെ ഐ.ടി കമ്മ്യൂണിക്കേഷൻ വകുപ്പിന്റെ അനുവാദം ആവ ശ്യമാണ്. ആയതിനാൽ ഓപ്പറേറ്ററുടെ കാൾ സൈനും എവിടെ നടത്താനുദ്ദേശിക്കുന്നു എന്ന വിവരവും സെപ്തംബർ 25 നകം രേഖാമൂലം ലഭിച്ചിരിക്കണം. ഇത്തരത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തിരിക്കുന്ന ജില്ലകൾക്ക് മാത്രമേ സംസ്ഥാന കാര്യാലയത്തിൽ നിന്നും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുകയുള്ളൂ.
6. സ്കൗട്ട് & ഗൈഡ് ജല്ലാ ഓർഗനൈസിംഗ് കമ്മീഷണർമാർ ജില്ലാതല കോ–ഓർഡിനേറ്റർമാരാ യും ഹാം റേഡിയോ ഓപ്പറേറ്റർമാർ, ജോയിന്റ് കോ–ഓർഡിനേറ്റർമാരായും പ്രവർത്തിക്കണം. ഇവരുടെ പേരുവിവരങ്ങൾ സംസ്ഥാന ഹെഡ് ക്വാർട്ടേഴ്സിൽ സെപ്തംബർ 25 നകം രേഖാ മൂലം അറിയിച്ചിരിക്കണം.
7. ജോട്ടാ – ജോട്ടി 2018 കേരള സെന്ററുകൾ ഒക്ടോബർ രണ്ടാംവാരം സ്റ്റേറ്റ് ഹെഡ്ക്വാർട്ടേഴ്സ് വെബ്സൈറ്റ് വഴി പ്രസിദ്ധീകരിക്കും.
8. ഒരു ജോട്ടാസ്റ്റേഷനിൽ ഒരുദിവസം പരമാവധി 100 കുട്ടികൾ വീതമാണ് പങ്കെടുപ്പിക്കേണ്ടത്. ഇതിൽ 50 പേർ രാവിലെ 9 നും 50 പേർ ഉച്ചയ്ക്ക് 1.30 നും എത്തിച്ചേർന്നാൽ മതിയാകും. 10 പേർവീതമുള്ള 5 ഗ്രൂപ്പായി തിരിച്ചാണ് പ്രവർത്തനങ്ങൾ.

   (A) 5 ബേസുകൾ ഉണ്ടാവും. അവിടെ ഒരു സമയം 10 പേർ മാത്രമേ പങ്കെടുക്കാവൂ.

   (B) ബേസുകൾ

   (i)ഹാം റേഡിയോ തീയറി & ഫൊനറ്റിക്സ്

   (ii)ഹാം റേഡിയോ കമ്മ്യൂണിക്കേഷൻ ബേസ്

   (iii)ജോട്ടിസ്റ്റേഷൻ (ഒരു കമ്പ്യൂട്ടറെങ്കിലും ഇന്റർനെറ്റ് സഹിതം സജ്ജമാക്കണം. പരമാവധി 10).

   (iv)സർഫ് സ്മാർട്ട് (ഇന്റർനെറ്റ് സേഫ്റ്റി ബേസ്)

   (v)ജാംപസ്സ് (JAMPUZZ) (ജോട്ടാ–ജോട്ടി ഗെയിം)
9. സ്റ്റേഷനിൽ എല്ലാ ബേസിലും കൃത്യമായി അറ്റന്റ് ചെയ്യുന്ന സ്കൗട്ട് & ഗൈഡുകൾക്ക് മാത്രമേ സർട്ടിഫിക്കറ്റ് ലഭ്യമാകുകയുള്ളൂ.
10. രജിസ്ട്രേഷനനുസരിച്ച് മുൻകൂട്ടി നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്കൗട്ട് / ഗൈഡുകൾക്ക് നൽകു കയും അവ ഇഷ്യുരജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഹാം ഓപ്പറേറ്റർ കൗണ്ടർസൈൻ ചെയ്ത്, ഇഷ്യുരജിസ്റ്റർ ബാക്കിവന്ന സർട്ടിഫിക്കറ്റുകൾ സഹിതം സംസ്ഥാന കാര്യാലയത്തിലേക്ക് അടുത്ത ദിവസംതന്നെ അയച്ചുതരേണ്ടതാണ്.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് സെക്രട്ടറി

KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033